<u>നടപടി ക്രമം</u>

<u>അഡീഷണൽ ഡയറക്ടർ ജനറൽ എൻ .സി .സി, എൻ.സി.സി ഡയറക്ടറേറ്റ്</u>

<u>(കേരളവും ലക്ഷദ്വീപും) സംസ്ഥാന വിഭാഗം, തിരുവനന്തപുരം</u>

<u>(ഹാജർ: മേജർ ജനറൽ രമേഷ് ഷൺമുഖം ജി )</u>

**എൻ .സി. സി ജീവനക്കാര്യം : അറ്റൻഡർ തസ്തിക - തസ്തികമാറ്റം വഴി നിയമനം അനുവദിച്ച് താത്കാലിക ഉത്തരവ് - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.**

---

നമ്പർ. 3044/എ2/II - എസ്റ്റാ/2022/എൻ.സി.സി    തിരുവനന്തപുരം    തീയതി: 24 ഏപ്രിൽ 2025

---

സൂചന : (1) 14.09.1973 തീയതിയിലെ ജി.ഒ(പി) 249/73/പി.ഡി.പി നമ്പർ സർക്കാർ ഉത്തരവ്.

(2) 15.01.1993 തീയതിയിലെ ജി.ഒ(പി) 9/93/പി&എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവ്.

(3) 05.03.2025 തീയതിയിലെ ലെ ഇതേ നമ്പർ വിജ്ഞാപനം.

1. ഈ വകുപ്പിൽ അറ്റൻഡർ തസ്തികയിൽ 2025 മാർച്ച് മാസം 31-ാം തീയതിയിൽ കോഴിക്കോട് ജില്ലയിൽ സജീവ് കുമാർ സി.എം, അറ്റൻഡർ ഗ്രേഡ്-I, എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴസ് കോഴിക്കോട് വിരമിച്ച ഒഴിവിലേക്ക് ഈ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന, നിശ്ചിത യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും തസ്തിക മാറ്റം വഴി അറ്റൻഡർ ഗ്രേഡ് - II തസ്തികയിലേക്ക് സൂചന 3 പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു.

2. പ്രസ്തുത ഒഴിവിലേക്ക് തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനായി മൂന്ന് അപേക്ഷകൾ ലഭിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷകളുടെ സൂക്ഷ്മാവലോകനത്തിൽ, നിലവിൽ കോഴിക്കോട് എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴസിൽ നിലവിലുള്ള ഒഴിവിലേക്ക് സീനിയോരിറ്റി, യോഗ്യത എന്നിവയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ജീവനക്കാരനെ തസ്തികമാറ്റം വഴി 23700-52600/- രൂപ ശമ്പള നിരക്കിൽ അറ്റൻഡർ ഗ്രേഡ് - II ആയി നിയമിച്ച് താത്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്/നിലവിലെ തസ്തിക/ഓഫീസ് | പുതിയ തസ്തിക/ഓഫീസ് | റിമാർക്ക്സ് |
|---|---|---|---|
| 1. | ശ്രീ വിനോദ് കുമാർ കെ<br>(PEN 730207)<br>ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് - I<br>9 കേരള ഗേൾസ് ബറ്റാലിയൻ എൻ.സി.സി, കോഴിക്കോട് | അറ്റൻഡർ ഗ്രേഡ് - II<br>എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴസ് കോഴിക്കോട് | |

2. മേൽ സാഹചര്യത്തിൽ ടി നിയമനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആക്ഷേപങ്ങൾ/പരാതികൾ ഉണ്ടെങ്കിൽ ആവശ്യമായ രേഖകളോടൊപ്പം **2025 ഏപ്രിൽ 30** നു മുമ്പായി ഇ-മെയിൽ മുഖാന്തിരം (nccjsest@gmail.com) ഈ ഡയറക്ടറേറ്റിനെ അറിയിക്കേണ്ടതാണ്. നിശ്ചിത ദിവസത്തിനു ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

ഒപ്പ് /- x x x

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

<u>പകർപ്പ്:</u>

എല്ലാ എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴസുകൾക്കും
എൻ.സി.സി ഓഫീസുകൾക്കും } ഔദ്യോഗിക വെബ്സൈറ്റ് മുഖേന

**<u>അംഗീകാരത്തോടെ</u>**

SAJIMON M
PEN 385602
Administrative Assistant
NCC Directorate (K&L)
Thiruvananthapuram